**മധുരമായ കുട്ടികളേ– നിങ്ങൾ ആസുരീയ മതത്തിലൂടെ നടന്നതിനാൽ വഴിയാധാരമായി, ഇപ്പോൾ ഈശ്വരീയ മതത്തിലൂടെ നടക്കൂ എങ്കിൽ സുഖധാമത്തിലേക്ക് പോകാം.**

**ചോദ്യം–** കുട്ടികൾക്ക് അച്ഛനിൽ ഏതൊരു പ്രതീക്ഷയാണ് വെക്കാവുന്നത്, ഏതൊന്ന് വെക്കരുത്?
**ഉത്തരം–** ബാബയിൽ ഈ പ്രതീക്ഷ വെക്കണം അതായത് നമ്മൾ ബാബയിലൂടെ പവിത്രമായി മാറി തന്റെ വീട്ടിലേക്കും രാജധാനിയിലേക്കും പോകും. ബാബ പറയുന്നു– കുട്ടികളേ, എന്നിൽ ഈ പ്രതീക്ഷ വെക്കരുത് അതായത് ഇന്നയാൾക്ക് അസുഖമാണ്, അവരെ ആശീർവ്വദിക്കൂ. ഇവിടെ കൃപയുടേയോ ആശീർവ്വാദത്തിന്റേയോ കാര്യമില്ല. ഞാൻ വന്നിരിക്കുന്നത് നിങ്ങൾ കുട്ടികളെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാനാണ്. ഞാനിപ്പോൾ നിങ്ങളെ ഇങ്ങനെയുള്ള കർമ്മമാണ് പഠിപ്പിക്കുന്നത് അതിനാൽ നിങ്ങളിൽ നിന്നും ഒരു വികർമ്മവും ഉണ്ടാവില്ല.

**ഗീതം–** ഇന്നല്ലെങ്കിൽ നാളെ ഈ കാർമേഘം മാറും.............

**ഓം ശാന്തി**. ആത്മീയ കുട്ടികൾ ഗീതം കേട്ടുവോ. കുട്ടികൾക്ക് അറിയാം ഇപ്പോൾ വീട്ടിലേക്ക് പോകണം. ബാബ വന്നിരിക്കുന്നത് കൂടെക്കൊണ്ടുപോകാനാണ്. എപ്പോൾ ആത്മാഭിമാനിയാകുന്നുവോ അപ്പോഴേ ഇത് ഓർമ്മയുണ്ടാകൂ. ദേഹാഭിമാനത്തിലാണെങ്കിൽ ഓർമ്മയും ഉണ്ടാകില്ല. കുട്ടികൾക്ക് അറിയാം ബാബ സഞ്ചാരിയായി വന്നിരിക്കുകയാണ്. നിങ്ങളും സഞ്ചാരിയായാണ് വന്നത്. ഇപ്പോൾ തന്റെ വീടിനെ മറന്നു. പിന്നീട് ബാബയാണ് വീടിന്റെ ഓർമ്മ ഉണർത്തിയത് മാത്രമല്ല ദിവസവും മനസ്സിലാക്കിത്തരുകയും ചെയ്യുന്നു. സതോപ്രധാനമായി മാറാതെ പോകാൻ കഴിയില്ല. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ബാബ പറയുന്നത് ശരിയാണ്. ബാബ കുട്ടികൾക്ക് ശ്രീമതം നൽകുന്നു ആരാണോ സൽപുത്രന്മാർ അവർ അത് അനുസരിച്ച് നടക്കുന്നു. ഈ സമയത്ത് നല്ല വഴി കാണിച്ചുതരാൻ ഒരു അച്ഛനാലും സാധിക്കില്ല അതിനാലാണ് വഴിയാധാരമായത്. ശ്രീമതം നൽകുന്നത് ഒരേയൊരു അച്ഛനാണ്. ചില കുട്ടികൾ ആ മതം അനുസരിച്ച് നടക്കുന്നുമില്ല. അത്ഭുതമാണ്. ലൗകിക പിതാവിന്റെ മതം അനുസരിച്ച് നടക്കുന്നു. എന്നാൽ അത് ആസുരീയ മതമാണ്. ഇതും ഡ്രാമയാണ്. പക്ഷേ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു നിങ്ങൾ ആസുരീയ മതം അനുസരിച്ച് നടന്ന് ഈ ഗതിയിലായി. ഇപ്പോൾ ഈശ്വരീയ മതത്തിലൂടെ നടക്കുന്നതിലൂടെ നിങ്ങൾ സുഖധാമത്തിലെത്തും. അതാണ് പരിധിയില്ലാത്ത സമ്പത്ത്. ദിവസവും മനസ്സിലാക്കിത്തരുന്നു. എങ്കിൽ കുട്ടികൾ എത്ര ഹർഷിതമായിരിക്കണം. എല്ലാവർക്കും ഇവിടെത്തന്നെ ഇരിക്കാൻ സാധിക്കില്ല. വീട്ടിൽ ഇരുന്നുകൊണ്ടും ഓർമ്മിക്കണം. ഇപ്പോൾ പാർട്ട് പൂർത്തിയാവുകയാണ്, ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. മനുഷ്യർ എത്രത്തോളം മറവിയിലാണ്. ഇവർ ഇവരുടെ വീടും രാജധാനിയുമൊക്കെ മറന്നു എന്ന് പറയാറുണ്ടല്ലോ. ഇപ്പോൾ ബാബ പറയുന്നു വീടിനേയും ഓർമ്മിക്കൂ. തന്റെ രാജധാനിയേയും ഓർമ്മിക്കൂ. ഇപ്പോൾ പാർട്ട് പൂർത്തിയാവുകയാണ്, തിരിച്ച് വീട്ടിലേക്ക് പോകണം. എന്താ നിങ്ങൾ മറന്നു പോയോ?

നിങ്ങൾ കുട്ടികൾക്ക് പറയാൻ കഴിയും– ബാബാ ഡ്രാമ അനുസരിച്ച് ഞങ്ങളുടെ പാർട്ടുതന്നെ ഇങ്ങനെയുള്ളതാണ്, ഞങ്ങൾ വീടിനെ മറന്ന് പൂർണ്ണമായും അലഞ്ഞുതിരിയുകയാണ്. ഭാരതവാസികൾ മാത്രമാണ് തന്റെ ശ്രേഷ്ഠമായ ധർമ്മത്തേയും, കർമ്മത്തേയും മറന്ന് ദൈവീക ധർമ്മത്തിൽ നിന്നും ദൈവീക കർമ്മത്തിൽ നിന്നും ഭ്രഷ്ടരായിത്തീർന്നിരിക്കുന്നത്. ഇപ്പോൾ ബാബ മുന്നറിയിപ്പ് നൽകിയിരിക്കുന്നു, നിങ്ങളുടെ കർമ്മങ്ങൾ ധർമ്മങ്ങൾ ഇതായിരുന്നു. അവിടെ എന്ത് കർമ്മം ചെയ്യുന്നുവോ അത് അകർമ്മമാകുമായിരുന്നു. കർമ്മം, അകർമ്മം, വികർമ്മം എന്നിവയുടെ ഗതി ബാബ തന്നെയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തന്നത്. സത്യയുഗത്തിൽ കർമ്മം അകർമ്മമായിരിക്കും. രാവണ രാജ്യത്തിൽ കർമ്മം വികർമ്മമാകുന്നു. ഇപ്പോൾ ബാബ വന്നിരിക്കുന്നു, ധർമ്മത്തേയും കർമ്മത്തേയും ശ്രേഷ്ഠമാക്കി മാറ്റാൻ. അതിനാൽ ഇപ്പോൾ ശ്രീമതം അനുസരിച്ച് ശ്രേഷ്ഠ കർമ്മം ചെയ്യണം. ഭ്രഷ്ടമായ ഒരു കർമ്മവും ചെയ്ത് ആർക്കും ദുഃഖം നൽകരുത്. ഇത് ഈശ്വരീയ സന്താനങ്ങളുടെ ജോലിയല്ല. എന്ത് നിർദ്ദേശമാണോ ലഭിക്കുന്നത് അത് അനുസരിച്ച് നടക്കണം, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ഭോജനവും ശുദ്ധമായത് കഴിക്കണം, അഥവാ നിവൃത്തിയില്ലാതെ വന്നാൽ ബാബയോട് വഴി ചോദിക്കൂ. ബാബക്കറിയാം ജോലി കാര്യങ്ങളിൽ ചിലപ്പോൾ അല്പം കഴിക്കേണ്ടതായും വരും. നിങ്ങൾ യോഗബലത്തിലൂടെ പുതിയ രാജധാനി സ്ഥാപിക്കുന്നു, പതിത ലോകത്തെ പാവനമാക്കി മാറ്റുന്നു എങ്കിൽ ഭോജനം ശുദ്ധമായി ഉണ്ടാക്കുന്നത് വലിയ കാര്യമാണോ. ജോലി ചെയ്യുക തന്നെ വേണം. ബാബയുടേതായി മാറി അതിനാൽ എല്ലാം ഉപേ

ക്ഷിച്ച് ഇവിടെ വന്ന് ഇരിക്കാം എന്നല്ല. ധാരാളം കുട്ടികളുണ്ട്, എല്ലാവർക്കും ഇവിടെ ഇരിക്കാൻ കഴിയില്ല. എല്ലാവർക്കും ഗ്രഹസ്ഥ വ്യവഹാരത്തിൽ തന്നെ ഇരിക്കണം. ഇത് മനസ്സിലാക്കണം- ഞാൻ ആത്മാവാണ്, ബാബ വന്നിരിക്കുന്നു, നമ്മെ പാവനമാക്കി മാറ്റി നമ്മുടെ വീട്ടിലേക്ക് കൊണ്ടുപോകും പിന്നീട് രാജധാനിയിലേക്ക് വരും. ഇത് വിദേശമാണ് രാവണന്റെ മോശമായ രാജധാനിയാണ്. നിങ്ങൾ ഡ്രാമാപ്ലാൻ അനുസരിച്ച് തീർത്തും പതിതമായിരിക്കുന്നു. ബാബ പറയുന്നു ഇപ്പോൾ ഞാൻ നിങ്ങളെ ഉണർത്താൻ വന്നതാണ് അതിനാൽ ശ്രീമതത്തിലൂടെ നടക്കൂ. എത്രത്തോളം നടക്കുന്നുവോ അത്രയും ശ്രേഷ്ഠമായി മാറും.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന ബാബയെ മറന്നുപോയി. ഇപ്പോൾ ബാബ നേരെയാക്കാൻ വന്നിരിക്കുകയാണ് അതിനാൽ നല്ല രീതിയിൽ നേരെയാവണം. സന്തോഷം ഉണ്ടാവണം. പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു, എങ്ങനെയാണോ നിങ്ങൾ ആത്മാക്കൾ പരസ്പരം സംസാരിക്കുന്നത് അതുപോലെയാണ് ബാബ സംസാരിക്കുന്നത്. ബാബയും ആത്മാവു തന്നെയാണ്. പരമാത്മാവാണ്, അവർക്കും പാർട്ടുണ്ട്. നിങ്ങൾ ആത്മാക്കൾ പാർട്ട്ധാരികളാണ്. ഉയർന്നതിലും ഉയർന്ന പാർട്ട് മുതൽ താഴ്ന്നതിലും താഴെയുള്ള പാർട്ട് വരെയുണ്ട്. ഭക്തിമാർഗ്ഗത്തിൽ ഈശ്വരനാണ് എല്ലാം ചെയ്യുന്നത് എന്ന് പാടുന്നു. ബാബ പറയുന്നു അസുഖം സുഖപ്പെടുത്തുന്നതൊന്നുമല്ല എന്റെ പാർട്ട്. എന്റെ പാർട്ട് നിങ്ങൾക്ക് എങ്ങനെ പാവനമാകാം എന്ന വഴി പറഞ്ഞുതരലാണ്. പവിത്രമായി മാറിയാലേ നിങ്ങൾക്ക് വീട്ടിലേക്ക് പോകുവാൻ കഴിയൂ. രാജധാനിയിലേക്കും പോകാൻ പറ്റൂ. ബാക്കി ഒരു പ്രതീക്ഷയും വെക്കരുത്. ഇന്നയാൾ രോഗിയാണ്, ആശീർവ്വാദം ലഭിക്കണം. ഇല്ല, ആശീർവ്വാദം, കൃപ മുതലായ ഒരു കാര്യവും എന്റെ പക്കലില്ല. അതിനാൽ സാധു സന്യാസിമാരുടെ അടുത്തേക്ക് പൊയ്ക്കോളൂ. നിങ്ങൾ എന്നെ വിളിക്കുന്നതുതന്നെ അല്ലയോ പതിതപാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കൂ. പാവനമായ ലോകത്തിലേക്ക് കൊണ്ടുപോകൂ എന്ന് പറഞ്ഞാണ്. അതിനാൽ ബാബ ചോദിക്കുന്നു ഞാൻ നിങ്ങളെ വിഷയസാഗരത്തിൽ നിന്ന് രക്ഷിച്ച് കൊണ്ടുപോകുന്നു, എന്നിട്ടും നിങ്ങൾ എങ്ങനെയാണ് വിഷയസാഗരത്തിൽ കുടുങ്ങിപ്പോകുന്നത്? ഭക്തിമാർഗ്ഗത്തിൽ നിങ്ങളുടെ സ്ഥിതി ഇതാണ്. ജ്ഞാനവും ഭക്തിയും നിങ്ങൾക്കുവേണ്ടിയുള്ളതാണ്. സന്യാസിമാരും പറയാറുണ്ട് ജ്ഞാനം, ഭക്തി പിന്നെ വൈരാഗ്യം എന്ന്. പക്ഷേ അതിന്റെ അർത്ഥം അവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനമുണ്ട്, ഭക്തിക്കുശേഷമാണ് വൈരാഗ്യം. അതിനാൽ പരിധിയില്ലാത്ത വൈരാഗ്യം പഠിപ്പിക്കാൻ ആളു വേണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് ശ്മശാനമാണ്, ഇതിനുശേഷം പരിസ്ഥാനായി മാറണം. അവിടെ ഓരോ കർമ്മവും അകർമ്മമായിരിക്കും. ഇപ്പോൾ ബാബ നിങ്ങളെ ഇങ്ങനെയുള്ള കർമ്മമാണ് പഠിപ്പിക്കുന്നത് പിന്നീട് നിങ്ങളിൽ നിന്നും ഒരു വികർമ്മവും ഉണ്ടാകില്ല. ആർക്കും ദുഃഖം നൽകരുത്. പതിതരുടെ അന്നം കഴിക്കരുത്. വികാരത്തിലേക്ക് പോകരുത്. അബലകൾക്കുമേൽ അതിക്രമങ്ങൾ നടക്കുന്നതും ഈ കാര്യത്തിലാണ്. മായയുടെ വിഘ്നം എങ്ങനെയാണ് ഉണ്ടാകുന്നത് എന്ന് കാണുന്നുണ്ടല്ലോ. ഇതെല്ലാം ഗുപ്തമാണ്. ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധമുണ്ടായി എന്നു പറയുന്നു. പിന്നീട് പറയുന്നു- പാണ്ഢവരും കൗരവരും തമ്മിൽ യുദ്ധം നടന്നു. ഇപ്പോൾ യുദ്ധം ഒന്നേയുള്ളു. ബാബ മനസ്സിലാക്കിത്തരുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ് ഭാവിയിലെ 21 ജന്മങ്ങളിലേക്കായി. ഇത് മൃത്യുലോകമാണ്. മനുഷ്യർ സത്യനാരായണന്റെ കഥ കേട്ടാണ് വന്നത്, പ്രയോജനം ഒന്നുമില്ല. ഇപ്പോൾ നിങ്ങൾ സത്യമായ ഗീത കേൾക്കുകയാണ്. രാമായണവും നിങ്ങൾ സത്യമായതാണ് കേൾപ്പിക്കുന്നത്. ഒരു രാമ സീതയുടെ കാര്യമല്ല. ഈ സമയത്ത് മുഴുവൻ ലോകവും ലങ്കയാണ്. നാലുപാടും വെള്ളമാണല്ലോ. ഇത് പരിധിയില്ലാത്ത ലങ്കയാണ്, ഇതിൽ രാവണന്റെ രാജ്യമാണ്. ഒരു ബാബയാണ് വരൻ. ബാക്കി എല്ലാവരും വധുവാണ്. നിങ്ങളെ ഇപ്പോൾ ബാബ രാവണരാജ്യത്തിൽ നിന്നും രക്ഷിക്കുകയാണ്. ഇത് ശോകവാടികയാണ്. സത്യയുഗത്തെയാണ് അശോകവാടിക എന്നു പറയുന്നത്. അവിടെ ഒരു ശോകവും ഉണ്ടാകില്ല. ഈ സമയത്ത് ശോകം തന്നെ ശോകമാണ്. ശോകമില്ലാത്തവരായി ഒരാൾ പോലുമില്ല. അശോക് ഹോട്ടൽ എന്നെല്ലാം പേരൊക്കെ വെയ്ക്കും. ബാബ പറയുന്നു, ഈ സമയത്ത് മുഴുവൻ ലോകവും പരിധിയില്ലാത്ത ഹോട്ടൽ ആണെന്ന് കരുതൂ. ശോകത്തിന്റെ ഹോട്ടലാണ്. മനുഷ്യർ കഴിക്കുന്നതും കുടിക്കുന്നതും മൃഗത്തിന് സമാനമാണ്. നോക്കൂ നിങ്ങളെ ബാബ എവിടെയാണ് എത്തിക്കുന്നത്. സത്യം സത്യമായ അശോക വാടിക സത്യയുഗത്തിലാണ്. പരിധിയുള്ളതും പരിധിയില്ലാത്തതും തമ്മിലുള്ള വ്യത്യാസം ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾ വളരെ സന്തോഷത്തോടെയിരിക്കണം. അറിയാം ബാബ നമ്മെ പഠിപ്പിക്കുന്നു. നമ്മുടേതും അതേ ജോലിയാണ്- എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കുക, അന്ധരുടെ ഊന്നുവടിയായി മാറുക. ചിത്രവും നിങ്ങളുടെ പക്കലുണ്ട്. എങ്ങനെയാണോ സ്ക്കൂളിൽ ഇത് വിദേശമാണ് എന്ന് ചിത്രം കാണിച്ച് മനസ്സിലാക്കിത്തരുന്നത്. അതുപോലെ നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നത് നിങ്ങൾ ആത്മാവാണ്, ശരീരമല്ല എന്നതാണ്. ആത്മാ

ക്കൾ സഹോദരങ്ങളാണ്. എത്ര സഹജമായ കാര്യമാണ് കേൾപ്പിക്കുന്നത്. പറയുന്നുമുണ്ട് നമ്മൾ എല്ലാവരും സഹോദരങ്ങളാണെന്ന്. ബാബ പറയുന്നു നിങ്ങൾ എല്ലാ ആത്മാക്കളും പരസ്പരം സഹോദരങ്ങളല്ലേ. ഗോഡ് ഫാദർ എന്നല്ലേ പറയുന്നത്. അതിനാൽ ഒരിക്കലും പരസ്പരം വഴക്കിടുകയോ അടികൂടുകയോ ചെയ്യരുത്. ശരീരധാരിയാവുമ്പോൾ പിന്നീട് സഹോദരീ സഹോദരന്മാരാകുന്നു. നമ്മൾ ശിവബാബയുടെ കുട്ടികൾ എല്ലാവരും സഹോദരങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ സഹോദരീ സഹോദരങ്ങളാണ്, നമുക്ക് സമ്പത്ത് മുത്തച്ഛനിൽ നിന്നാണ് നേടേണ്ടത് അതിനാൽ മുത്തച്ഛനെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഈ കുട്ടിയേയും(ബ്രഹ്മാവ്) ഞാൻ എന്റേതാക്കി മാറ്റി അർത്ഥം ഇദ്ദേഹത്തിൽ പ്രവേശിച്ചു. ഈ മുഴുവൻ കാര്യങ്ങളും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ബാബ പറയുന്നു– കുട്ടികളേ, ഇപ്പോൾ പുതിയ പവിത്രമായ പ്രവൃത്തി മാർഗ്ഗം സ്ഥാപിക്കുകയാണ്. നിങ്ങൾ മുഴുവൻ ബി. കെ കളും ശിവബാബയുടെ മതം അനുസരിച്ച് നടക്കുന്നു. ബ്രഹ്മാവും ബാബയുടെ മതത്തിലൂടെയാണ് നടക്കുന്നത്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു ബാക്കി എല്ലാ ബന്ധത്തിൽ നിന്നും ഭാരരഹിതമായി മാറൂ. 8 മണിക്കൂർ ഓർമ്മിക്കണം ബാക്കിയുള്ള 16 മണിക്കൂറിൽ വിശ്രമം ജോലി മുതലായ എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യൂ. ഞാൻ അച്ഛന്റെ കുട്ടിയാണ്, ഇത് മറക്കരുത്. ഇവിടെ വന്ന് ഹോസ്റ്റലിൽ താമസിക്കണം എന്നല്ല. ഗൃഹസ്ഥവ്യവഹാരത്തിൽ കുട്ടികളോടൊപ്പം തന്നെ ഇരിക്കണം. ബാബയുടെ അടുത്തേക്ക് വരുന്നത് റിഫ്രഷ് ആവാനാണ്. മഥുരയിലേക്കും വൃന്ദാവനത്തിലേക്കും പോകുന്നത് മധുബനിന്റെ സാക്ഷാത്ക്കാരം കാണാനാണ്. ചെറിയ മോഡലിന്റെ രൂപത്തിൽ നിർമ്മിച്ചിരിക്കുകയാണ്. ഇപ്പോൾ ഈ പരിധിയില്ലാത്ത കാര്യം മനസ്സിലാക്കണം. ശിവബാബ ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടി രചിക്കുകയാണ്. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ ബി.കെ കളാണ്. വികാരത്തിന്റെ കാര്യം ഉണ്ടാവില്ല. സന്യാസിമാരുടെ ശിഷ്യരായി മാറുന്നു, അഥവാ അവർ സന്യാസ വേഷം ധരിച്ചാൽ അവരുടെ പേര് മാറ്റും. ഇവിടെയും നിങ്ങൾ ബാബയുടേതായി മാറിയപ്പോൾ ബാബ പേരുവെച്ചില്ലേ. എത്ര ഭട്ടിയിൽ ഇരുന്നു. ഈ ഭട്ടിയെക്കുറിച്ച് ആർക്കും അറിയില്ല. ശാസ്ത്രങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്, വീണ്ടും ഇങ്ങനെ തന്നെ സംഭവിക്കും. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ സൃഷ്ടിയുടെ ചക്രം കറങ്ങുന്നു. ബാബയും സ്വദർശനചക്രധാരിയല്ലേ. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയണം. ബാബക്കാണെങ്കിൽ ശരീരവുമില്ല. നിങ്ങൾക്ക് സ്ഥൂലശരീരമുണ്ട്. ബാബ പരമാത്മാവാണ്. ആത്മാവു തന്നെയാണ് സ്വദർശന ചക്രധാരി. ഇപ്പോൾ ആത്മാവിന് അലങ്കാരം എങ്ങനെ നൽകും? മനസ്സിലാക്കേണ്ട കാര്യമല്ലേ. ഇത് എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. ബാബ പറയുന്നു വാസ്തവത്തിൽ ഞാൻ സ്വദർശനചക്രധാരിയാണ്. നിങ്ങൾക്കറിയാം– ആത്മാവിൽ മുഴുവൻ സൃഷ്ടി ചക്രത്തിന്റേയും ജ്ഞാനം ഉണ്ടാകും. ബാബയും പരമധാമത്തിൽ വസിക്കുന്നു, നമ്മളും അവിടെ വസിക്കുന്നവരാണ്. ബാബ വന്ന് തന്റെ പരിചയം നൽകുന്നു– കുട്ടികളേ ഞാനും സ്വദർശനചക്രധാരിയാണ്. ഞാൻ പതിത പാവനൻ നിങ്ങളുടെ പക്കലേക്ക് വന്നിരിക്കുന്നു. വന്ന് പതിതത്തിൽ നിന്നും പാവനമാക്കൂ, മുക്തി നൽകൂ എന്ന് പറഞ്ഞാണ് എന്നെ വിളിക്കുന്നതുതന്നെ. അവർക്ക് ശരീരമില്ല. ബാബ അജന്മാവാണ്. ജന്മം എടുക്കുന്നുണ്ട് പക്ഷേ ദിവ്യമായതാണ്. ശിവജയന്തി അഥവാ ശിവരാത്രി ആഘോഷിക്കുന്നുണ്ട്. ബാബ പറയുന്നു ഞാൻ വരുന്നത് രാത്രി പൂർത്തിയാവുമ്പോഴാണ്, പകലാക്കി മാറ്റാനായി വരുന്നു. പകലിൽ 21 ജന്മങ്ങൾ പിന്നീട് രാത്രിയിൽ 63 ജന്മങ്ങൾ, ആത്മാവാണ് ഭിന്ന ഭിന്ന ജന്മങ്ങൾ എടുക്കുന്നത്. ഇപ്പോൾ പകലിൽ നിന്നും രാത്രിയിലേക്ക് വന്നിരിക്കുന്നു ഇനി വീണ്ടും പകലിലേക്ക് പോകണം. നിങ്ങളെയും സ്വദർശനചക്രധാരിയാക്കി മാറ്റിയിട്ടുണ്ട്. ഈ സമയത്ത് എന്റെ പാർട്ടാണ്. നിങ്ങളേയും സ്വദർശന ചക്രധാരിയാക്കി മാറ്റുന്നു. നിങ്ങൾ പിന്നീട് മറ്റുള്ളവരെ ആക്കിമാറ്റൂ. 84 ജന്മങ്ങൾ എങ്ങനെ എടുത്തു, ആ 84 ജന്മങ്ങളുടെ ചക്രം മനസ്സിലാക്കിത്തന്നു. മുമ്പ് നിങ്ങളിൽ ഈ ജ്ഞാനം ഉണ്ടായിരുന്നോ? തീർത്തും ഇല്ല. അജ്ഞാനമായിരുന്നു. ബാബ പ്രധാനകാര്യം മനസ്സിലാക്കിത്തരുന്നു ബാബയാണ് സ്വദർശന ചക്രധാരി, ബാബയെ ജ്ഞാനസാഗരൻ എന്നാണ് പറയുന്നത്. ബാബ സത്യമാണ്, ചൈതന്യമാണ്. നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് നൽകുകയാണ്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, പരസ്പരം വഴക്കടിക്കരുത്. ഉപ്പുവെള്ളമാകരുത്. സദാ ഹർഷിതമായിരിക്കണം ഒപ്പം എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. എല്ലാവരും ബാബയെ മറന്നിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. നിരാകാരനായ ഭഗവാന്റെ വാക്കുകളാണ്– നിരാകാരീ ആത്മാക്കളെ പ്രതി. സത്യത്തിൽ നിങ്ങൾ നിരാകാരമാണ് പിന്നീടാണ് സാകാരിയാവുന്നത്. ആകാരമില്ലാതെ ആത്മാവിന് ഒന്നും ചെയ്യാൻ സാധിക്കില്ല. ആത്മാവ് ശരീരത്തിൽ നിന്നും ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കില്ല. ആത്മാവ് പെട്ടെന്ന് ചെന്ന് അടുത്ത ശരീരം എടുത്ത് തന്റെ പാർട്ട് അഭിനയിക്കും. ഈ കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കൂ, ഉള്ളിൽ അയവിറക്കിക്കൊണ്ടിരിക്കൂ. നമ്മൾ ആത്മാക്കൾ ബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. സമ്പത്ത് ലഭിക്കുന്നത് സദ്ഗുരുവിൽ നിന്നാണ്. തീർച്ചയായും ബാബ തന്നെയായിരിക്കണം ഭാരതത്തിന് സമ്പത്ത് നൽകിയത്. എപ്പോൾ സമ്പത്ത് നൽകി പിന്നീട് എന്ത് സംഭവിച്ചു? ഇതൊന്നും മനുഷ്യർക്ക് അറിയില്ല.

ഇപ്പോൾ ബാബ എല്ലാം പറയുന്നു. നിങ്ങൾ കുട്ടികളെയാണ് സ്വദർശന ചക്രധാരിയാക്കി മാറ്റിയിരിക്കുന്നത്, പിന്നീട് നിങ്ങൾ 84 ജന്മങ്ങൾ അനുഭവിച്ചു. ഇപ്പോൾ വീണ്ടും ഞാൻ വന്നിരിക്കുകയാണ്, എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. ബാബയെ ഓർമ്മിക്കൂ എന്നിട്ട് മധുരമായി മാറൂ. പ്രധാനലക്ഷ്യം മുന്നിലുണ്ട്. ബാബ വക്കീലന്മാരുടെയും വക്കീലാണ്, എല്ലാ വഴക്കുകളിൽ നിന്നും രക്ഷിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ആന്തരികമായ സന്തോഷം വളരെയധികം ഉണ്ടാകണം. നമ്മൾ ബാബയുടെ കുട്ടികളായി മാറിയിരിക്കുന്നു. ബാബ സമ്പത്ത് നൽകാനായി നമ്മെ ദത്തെടുക്കുകയും ചെയ്തു. ഇവിടെ നിങ്ങൾ വരുന്നതുതന്നെ സമ്പത്ത് നേടാനാണ്. ബാബ പറയുന്നു, കുട്ടികളേയും മക്കളേയും സംരക്ഷിച്ചുകൊണ്ടും ബുദ്ധി ബാബയിലും രാജധാനിയിലുമായിരിക്കണം. പഠിപ്പ് എത്ര സഹജമാണ്. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന അച്ഛനെ നിങ്ങൾ മറന്നുപോകുന്നു. ആദ്യം സ്വയം ആത്മാവാണെന്ന് തീർച്ചയായും മനസ്സിലാക്കണം. ഈ ജ്ഞാനം ബാബ സംഗമത്തിൽ തന്നെയാണ് നൽകുന്നത് എന്തുകൊണ്ടെന്നാൽ സംഗമത്തിൽ തന്നെയാണ് നിങ്ങൾക്ക് പതിതത്തിൽ നിന്നും പാവനമായി മാറേണ്ടത്.

ശരി, മധുര മധുരമായ ആത്മീയ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണ കുലഭൂഷണർ, ഇത് ദേവതകളേക്കാൾ ഉയർന്ന കുലമാണ്. നിങ്ങൾ ഭാരതത്തിന്റെ വളരെ ശ്രേഷ്ഠമായ സേവനം ചെയ്യുന്നു. ഇപ്പോൾ വീണ്ടും നിങ്ങൾ പൂജ്യരായി മാറും. ഇപ്പോൾ പൂജാരിയെ പൂജ്യനാക്കി, കക്കയെ വജ്രസമാനമാക്കി മാറ്റുകയാണ്. ഇങ്ങനെയുള്ള ആത്മീയ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യസാരം-

1). ശ്രീമതം അനുസരിച്ച് ഇപ്പോൾ ചെയ്യുന്ന ഓരോ കർമ്മവും ശ്രേഷ്ഠമായിരിക്കണം, ആർക്കും ദുഃഖം നൽകരുത്, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ബാബയുടെ നിർദ്ദേശം അനുസരിച്ച് തന്നെ നടക്കണം.

2). സദാ ഹർഷിതമായിരിക്കുന്നതിനായി സ്വദർശന ചക്രധാരിയായി മാറണം, ഒരിക്കലും ഉപ്പുവെള്ളമാകരുത്. എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. വളരെ വളരെ മധുരമായി മാറണം.

## വരദാനം- ആദരവ് യാചിക്കുന്നതിനുപകരം എല്ലാവർക്കും ആദരവ് നൽകുന്ന സദാ നിഷ്കാമയോഗിയായി ഭവിക്കട്ടെ.

താങ്കൾക്ക് മറ്റുള്ളവർ ബഹുമാനം നൽകിയാലും ഇല്ലെങ്കിലും താങ്കൾ അവരെ മധുരമായ സഹോദരൻ മധുരമായ സഹോദരി എന്നുകരുതി സദാ സ്വമാനത്തിൽ ഇരിക്കുക.സ്നേഹി ദൃഷ്ടിയിലൂടെയും സ്നേഹത്തിന്റെ മനോവൃത്തിയിലൂടെയും ആത്മീയമായ ആദരവ് നൽകിക്കൊണ്ടിരിക്കൂ.അവർ ബഹുമാനം നൽകിയാൽ ഞാനും അവരെ ബഹുമാനിക്കാം എന്നതും റോയലായ യാചനയാണ്.ഇതിൽ നിന്നും നിഷ്കാമയോഗിയായി മാറൂ.ആത്മീയസ്നേഹത്തിന്റെ മഴയാൽ ശത്രുവിനെപ്പോലും മിത്രമാക്കി മാറ്റൂ.നിങ്ങളെ ആരെങ്കിലും കല്ലെറിഞ്ഞാൽപോലും നിങ്ങൾ അവർക്ക് രത്നം നൽകണം കാരണം നിങ്ങൾ രത്നാകരനായ ബാബയുടെ കുട്ടികളാണ്.

## സ്ലോഗൻ-വിശ്വത്തിന്റെ നവനിർമാണം ചെയ്യുന്നതിനായി- നിമിത്തവും വിനയവും ഈ രണ്ട് വാക്കുകൾ ഓർമ്മവെക്കൂ.

**അവ്യക്തസൂചന-സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവികളായി മാറൂ..**
സേവനങ്ങളിൽ സഫലതയുടെ മുഖ്യ ആധാരം ത്യാഗവും തപസ്യയുമാണ്. ത്യാഗി-തപസ്വി എന്നാൽ ബാബയുടെ ഓർമ്മയിൽ ലവ്ലീനമായി പ്രേമത്തിന്റെ സാഗരത്തിൽ അലിഞ്ഞ് ജ്ഞാനം,ആനന്ദം,സുഖം, ശാന്തി എന്നിവയുടെ സാഗരത്തിൽ അലിഞ്ഞ് ജീവിക്കുന്നവരെയാണ് തപസ്വികൾ എന്ന് പറയുക.ഇങ്ങിനെയുള്ള ത്യാഗി-തപസ്വികളാണ് സത്യമായ സേവാധാരികൾ.